# പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 287 28/01/2019-ൽ മറുപടിയ്ക്ക്

## ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ ഇ-ടെൻഡർ ഒഴിവാക്കിയ സാഹചര്യം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം. ഉമ്മർ** | **കെ.കെ.ശൈലജടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത ശിശു വികസനവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഇല്ല. |
| (ബി) | തൃശ്ശൂർ ഡ്രഗ്സ് കൺട്രോൾ ലബോറട്ടറിയിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് ഇ-ടെൻഡർ നടപടികൾ ഒഴിവാക്കിയ സാഹചര്യം വിശദമാക്കാമോ; | (ബി) | തൃശ്ശൂർ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ ഇ-ടെൻഡർ മുഖേനയാണ് യന്ത്രോപകരണങ്ങൾ വാങ്ങുന്നത്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ റേറ്റ് കോൺട്രാക്ട് നിലവിലുള്ള ഉപകരണങ്ങൾ മാത്രമാണ് ഇ-ടെൻഡർ ഒഴിവാക്കി റേറ്റ് കോൺട്രാക്ട് മുഖേന പർച്ചേസ് നടത്തുന്നത്. |
| (സി) | പ്രസ്തുത സ്ഥാപനത്തിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് ഇ-ടെൻഡർ ഒഴിവാക്കി ഭാവിയിലും അനുമതി നൽകിയത് ഏത് നിയമത്തിന്റെ പിൻബലത്തിലാണെന്ന് വിശദമാക്കാമോ; | (സി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് ഇ-ടെൻഡർ നടപടികൾ സ്വീകരിച്ച് നിശ്ചിതകാലയളവിലേക്ക് റേറ്റ് കോൺട്രാക്ട് നിലവിലുള്ള സാഹചര്യത്തിൽ വീണ്ടും ഇ-ടെൻഡർ നടപടികൾ സ്വീകരിച്ച് കാലതാമസം ഒഴിവാക്കുന്നതിന് വേണ്ടിയാണ് സ്ഥിരമായി റേറ്റ് കോൺട്രാക്ട് വ്യവസ്ഥയിൽ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സാഹചര്യം സംജാതമാക്കിയിരിക്കുന്നത്. |
| (ഡി) | 1.5 കോടിയുടെ ഉപകരണങ്ങൾ ഇ-ടെൻഡർ ഒഴിവാക്കി വാങ്ങിയാൽ അതിൻമേലുള്ള അഴിമതിക്കുള്ള സാധ്യത സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ റേറ്റ് കോൺട്രാക്ട് നിലവിലുള്ള ഉപകരണങ്ങൾക്ക് മാത്രമാണ് ഇ-ടെൻഡർ ഒഴിവാക്കി റേറ്റ് കോൺട്രാക്ട് മുഖേന പർച്ചേസ് നടത്തിവരുന്നത്. മറ്റെല്ലാ ഉപകരണങ്ങളും ഇ-ടെൻഡർ നടപടികൾ വഴി സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിച്ച് മാത്രമാണ് പർച്ചേസ് നടത്തിവരുന്നത്. |

സെക്ഷൻ ഓഫീസർ